"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഹോമിയോപ്പതി വകുപ്പ് - കൊല്ലം ജില്ലയിലെ പത്തനാപുരം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ആയിരുന്ന ശ്രീമതി ബിബിന എ.എച്ച്.-ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

**G.O.(Rt)No.164/2025/AYUSH** തീയതി, തിരുവനന്തപുരം, **27-03-2025**

---

പരാമർശം:- (1) 24/01/2024-ൽ ശ്രീമതി ബിബിന എ.എച്ച്. സമർപ്പിച്ച അവധി അപേക്ഷ.

(2) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ 13/11/2024-ലെ DHTVM/2106/2024-EA3 - നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലയിലെ പത്തനാപുരം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ആയിരുന്ന ശ്രീമതി ബിബിന എ.എച്ച്.-ന് (നിലവിൽ പട്ടാഴി വടക്കേക്കര സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ്) പഠനാവശ്യത്തിനായി (BHMS Internship) 31/10/2023 മുതൽ 30/10/2024 വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ പരാമർശം-(1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം-(2) പ്രകാരം ഹോമിയോപ്പതി വകുപ്പ് മേധാവി സർക്കാരിലേക്ക് ലഭ്യമാക്കുകയുണ്ടായി.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(2) പ്രകാരം ലഭ്യമാക്കിയ വസ്തുതകളുടേയും രേഖകളുടേയും വെളിച്ചത്തിൽ, കൊല്ലം ജില്ലയിലെ പത്തനാപുരം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ശ്രീമതി ബിബിന എ.എച്ച്. (നിലവിൽ പട്ടാഴി വടക്കേക്കര സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ്)-ന് പഠനാവശ്യത്തിനായി (BHMS Internship) 31/10/2023 മുതൽ 30/10/2024 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി തുടങ്ങിയ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിൽ, കെ.എസ്.ആർ. ഭാഗം-I ചട്ടം 88 പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

**DEPUTY SECRETARY**

1. ഹോമിയോപ്പതി വകുപ്പ് മേധാവി, തിരുവനന്തപുരം.
2. ശ്രീമതി ബിബിന എ.എച്ച്., ഫാർമസിസ്റ്റ്, സർക്കാർ ഹോമിയോ ഡിസ്പെൻസറി, വടക്കേക്കര, പട്ടാഴി, കൊല്ലം. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), കൊല്ലം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (23/03/2025-ലെ E 2714936/HLT-B3/82/2024-FIN - നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്. (AYU-C2/237/2024-AYUSH)

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 27-03-2025 17:02:03

സെക്ഷൻ ഓഫീസർ